ആൾട്ടർനേറ്റീവ്സും വന്നിട്ടുണ്ടെങ്കിലും ഒരു വ്യക്തമായ തീരുമാനം ആയിട്ടില്ല. തീരുമാനം ഉണ്ടായിക്കഴിഞ്ഞാൽ തീർച്ചായായും അതിനെക്കുറിച്ച് നടപടി സ്വീകരിക്കാം.

<u>ശ്രീ. എ. കണാരൻ</u> : അങ്ങ് പറഞ്ഞതുപോലെ വല്ലാത്ത ഗുരുതരാവസ്ഥ ഇവിടെ നിലനിൽക്കുകയാണ്. കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന കടുത്ത തെറ്റിന് എതിരായി ഗവൺമെന്റോ പ്രതിപക്ഷമോ എന്നുനോക്കാതെ ഇവിടത്തെ നിയമസഭാ സാമാജികർ എല്ലാപേരെയും പൊളിറ്റിക്കൽ പാർട്ടികളെയും പൊതുജന സംഘടനകളെയും സർവീസ് സംഘടനകളെയും കക്ഷി രാഷ്ട്രീയത്തിനതീതമായി മുഴുവൻ ജനവിഭാഗങ്ങളെയും ഒന്നായി ച്ചേർത്ത്, ഈ പ്രതിസന്ധി പരിഹരിക്കുവാൻവേണ്ടി, ഗവൺമെന്റ് മുൻകൈ എടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : എന്റെ വിശ്വാസം ഈ കേരളത്തിലെ എല്ലാകക്ഷിയിൽപ്പെട്ടവരും യോജിച്ചുനിൽക്കുമെന്നാണ്. ബി.ജെ.പി.ക്കാർ ഉൾപ്പെടെയുള്ളവർക്ക് - ഞാൻ വ്യക്തിപരമായി സംസാരിച്ചില്ല - ഈ റേഷൻ സംവിധാനം വരുന്നതിൽ അവർക്കാർക്കും യോജിപ്പില്ല. ഈ കേന്ദ്രത്തിന്റെ നയത്തോട് ഏതിർപ്പുണ്ട്. അവരെല്ലാം ഇവിടെ യുനാനിമസ്സാണ്. നമ്മുടെ എം.പി.മാരോട് ഞാൻ എല്ലാം ബ്രീഫ് ചെയ്തിട്ടുണ്ട്. വളരെ ശക്തമായി നമ്മുടെ കേസ്സ് പ്രസന്റ് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ബാംഗ്ലൂർ സമ്മേളനത്തിൽത്തന്നെ അവസാനം അവർക്കുതന്നെ കൺസീഡ് ചെയ്യേണ്ടിവന്നു. കേരളത്തിന്റെ കാര്യം ഒരു സ്പെഷ്യൽ കൺസിഡറേഷനായി നോക്കാമെന്ന് പറഞ്ഞു. എത്രത്തോളം നോക്കും എന്നുള്ളത് ഇനി കണ്ടറിയണം. കേരളത്തിലും നോർത്ത് ഈസ്റ്റിലും (നോർത്ത് ഈസ്റ്റിൽ അരിയും പഞ്ചസാരയും ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയില്ല; ഇവിടെയും പറ്റില്ല). ഇതൊരു സ്പെഷ്യൽ കേസ്സായിട്ട് കൺസിഡർ ചെയ്യേണ്ടതുണ്ട്. കേരളത്തിലെ മുഴുവൻ ജനതയും നിലവിലുള്ള സമ്പ്രദായം തുടരണമെന്നുള്ള കാര്യത്തിൽ യോജിക്കുമെന്നതാണ് എന്റെ വിശ്വാസം. അതിന് പ്രത്യേകമായി വിളിച്ചുകൂട്ടി യോഗം കൂടേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

2. ചാലക്കുടി റിവർ ഡൈവെർഷൻ സ്കീം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : സർ, 13,530 ഹെക്ടർ സ്ഥലത്തെ കൃഷിഭൂമി വരണ്ട് ഉണങ്ങുന്ന ഒരു വല്ലാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. മുകുന്ദപുരം, ആലുവ താലൂക്കുകളെ തുറിച്ചുനോക്കുന്ന ഈ പ്രശ്നം, പറവൂർ താലൂക്കുമൊക്കെ അഭിമുഖീകരിക്കേണ്ടിവരുന്ന ഈ പ്രശ്നം, കേരള വ്യാപകമായി ബുദ്ധിമുട്ടു സൃഷ്ടക്കുമെന്നുള്ളത് ഉറപ്പാണ്. ദയവായി രക്ഷിക്കണം. ജലസേചന വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ കാര്യങ്ങൾ ഓടുകയില്ല എന്ന് അറിയാം. വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും ഉത്സാഹിക്കണം. എന്നാലും പോരാ. മുഖ്യമന്ത്രിയുടെ കടുംപിടിത്തം പല കാര്യങ്ങളിലും നമ്മൾ കാണാറുള്ളതാണ്. ആ കടുംപിടിത്തത്തിന്റെ കരുത്ത് കർഷകർക്കുള്ള അത്താണിയായിട്ടു മാറണം. ശ്രീ. കരുണാനിധിയെന്ന അയൽവാസി മുഖ്യമന്ത്രിയുമായിട്ടുവേണം ഗുസ്തി പിടിക്കുവാൻ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കരുത്തുകാണിച്ച് കർഷകന് കനിവ് കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നത്. തുമ്പൂർമൂഴിയിൽ 1.9 മീറ്റർ ആഴത്തിൽ വെള്ളം കിട്ടിയേ തീരൂ. അല്ലെങ്കിൽ ചാലക്കുടി റിവർ ഡൈവെർഷൻ ഇറിഗേഷൻ സ്കീം അങ്ങനെതന്നെ സ്തംഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കും. അത് സ്തംഭിച്ചാൽ 13,530 ഹെക്ടർ കൃഷിഭൂമിയിലെ കർഷകന്റെ നെഞ്ച് വെന്തുരുകും. തുമ്പൂർമൂഴിയിലെ വെള്ളമാണ് ചാലക്കുടി ഇടതുകരയിലേയും, വലതുകരയിലേയും, മെയിൻ കനാലുകളിലേയ്ക്കും തുടർന്ന് ബ്രാഞ്ച് കനാലുകളിലേയ്ക്കും-ചാലക്കുടി റിവർ ഡൈവെർഷൻ ഇറിഗേഷൻ സ്കീമിലെ ഡിസ്ട്രിബ്യൂട്ടറി കനാലുകളിലേക്ക് തിരിച്ചുവിടുന്നത്. തുമ്പൂർമൂഴിയിൽ ആവശ്യത്തിനുള്ള വെള്ളം കിട്ടണമെങ്കിൽ പെരിങ്ങൽക്കുത്തിലെ ജനറേറ്ററുകൾ പ്രവർത്തിപ്പിക്കണം. പെരിങ്ങൽക്കുത്തിൽ 8 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്ന 4 ജനറേറ്ററുകൾ കൂടാതെ കഴിഞ്ഞ വർഷം ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത 16 മെഗാവാട്ടിന്റെ ജനറേറ്റർ കൂടിയുണ്ട്. അങ്ങനെ മൊത്തം 48 മെഗാവട്ട് ഉൽപ്പാദിപ്പിക്കുവാനുള്ള ജനറേറ്ററുകൾ പെരിങ്ങൽക്കുത്തിലുണ്ട്. പക്ഷേ 31.1.2000-ത്തിൽ മൂന്നാഴ്ചയ്ക്കുമുമ്പ്, അവിടെ പ്രവർത്തിപ്പിച്ച ജനറേറ്റർ 8 മെഗാവാട്ടിന്റെ ഒരേയൊരെണ്ണം മാത്രമാണ്. ജനറേറ്ററുകൾ പ്രവർത്തിക്കുവാൻ വെള്ളമില്ല. ചുരുങ്ങിയത് 30 മെഗാവാട്ട് വൈദ്യുതിയെങ്കിലും പെരിങ്ങൽകുത്തിൽ ഉൽപ്പാദിപ്പിച്ചാലേ ചാലക്കുടി റിവർ ഡൈവെർഷൻ ഇറിഗേഷൻ സ്കീമിലെ ജലവിതരണം തൃപ്തികരമായിട്ട് നടത്തുവാൻ കഴിയൂ. ആ സ്ഥാനത്താണ് 31.1.2000-ൽ 8 മെഗാവാട്ടിന്റെ ഓരേയൊരു ജനറേറ്റർ മാത്രം പ്രവർത്തിപ്പിച്ചത്. പക്ഷേ പെരിങ്ങൽക്കുത്തിലെ ജനറേറ്ററുകൾ ചലിക്കണമെങ്കിൽ ഷോളയാറിൽ വെള്ളം വരണം. അതിന് ഷോളയാറിലെ പവർ സ്റ്റേഷന്റെ പവർ ജനറേഷൻ തൃപ്തികരമായി നടത്തണം. ഷോളയാർ ഡാമിൽ പവർ സ്റ്റേഷന്റെ പവർ ജനറേഷൻ തൃപ്തികരമായിട്ട് നടത്തണം. ഫുൾ റിസർവോയർ ലെവൽ പോയിട്ട് 40 ശതമാനം മാത്രമേ വെള്ളം കിട്ടുന്നുള്ളൂ. അത്ര വെള്ളമേയുള്ളൂ. ഫെബ്രുവരി മാസം 1-നും, സെപ്റ്റംബർ മാസം 1-നും എഫ്.ആർ.എൽ. നിലനിർത്തിത്തരാമെന്ന് തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ് നമ്മുടെ കെ.എസ്.ഇ.ബി.യോട് കരാർ ഉണ്ടാക്കിയിട്ടുണ്ട്. ആ കരാർ അവർ കാറ്റിൽ പറത്തിയിരിക്കുകയാണ്. കാവേരിയിൽ വെള്ളമില്ലാഞ്ഞിട്ടല്ല.

സർ, കാവേരിയിൽ വെള്ളമില്ലാഞ്ഞിട്ടല്ല, തമിഴ്നാടിന്റെ അപ്പർ ഷോളയാർ പവർ സ്റ്റേഷൻ ശരിക്കും പ്രവർത്തിക്കുന്നുണ്ട്. വെള്ളം കേരളാ ഷോളയാറിൽ വരേണ്ടതിനുപകരം വേനൽക്കാലത്ത് കോയമ്പത്തൂരിലേക്ക് നിറച്ചു വിടുന്നു എന്നാണ് അറിവ്. ഷോളയാർ വരളുന്നു. ഷോളയാർ പവർ ഹൗസ് വേണ്ടതുപോലെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് പെരിങ്ങൽകുത്ത് പവർ സ്റ്റേഷനും സ്തംഭിക്കുന്നു. ഫലം, തുമ്പൂർമൂഴിയിൽ വെള്ളമില്ല. ജലസേചനത്തിന്റെ ആയക്കെട്ട് ഏരിയ ഉണങ്ങിവരളുന്നു. 1.7.99 തൊട്ട് 30.6.2000 വരെ വെള്ളം വിട്ടുതരേണ്ടതിന്റെ പാറ്റേൺ നമ്മുടെ എഞ്ചിനീയർമാർ ഉണ്ടാക്കിയിട്ടുണ്ട്. കേരളാ ഷോളയാർ സെപ്റ്റംബർ 1-നാണ് നിറയ്ക്കേണ്ടത്. കരാറനുസരിച്ച് ഫെബ്രുവരി 1-നും പിന്നീട് സെപ്റ്റംബർ 1-നുമാണ് നിറയ്ക്കേണ്ടത്. കഴിഞ്ഞ സെപ്റ്റംബറിനു നിറയ്ക്കേണ്ടതായിരുന്നു. പക്ഷേ അവർ ഏഴാം മാസത്തിൽത്തന്നെ നിറച്ചു. 7/99-ൽ നിറച്ചു. 7/99-ൽ 529.7 എം.സി. ഫീറ്റ് വേണ്ടിടത്ത് 751.39 എം.സി. ഫീറ്റ് തരുന്നു. 8/99-ൽ 529.7 എം.സി. ഫീറ്റ് തന്നാൽ മതി. പകരം 2057.39 എം.സി. ഫീറ്റ് തരുന്നു. 9/99-ൽ 1059.4 എം.സി. ഫീറ്റ് വേണ്ട സ്ഥലത്ത് 1203.13 എം.സി. ഫീറ്റ് തരുന്നു. മുഴുവൻ കണക്കും എന്റെ കയ്യിലുണ്ട്. ഏഴു മാസത്തെ കണക്കുമുണ്ട്. 1059.4 എം.സി. ഫീറ്റിന് 1261.76, 1324.3-ന് 1380.31, 1589.1-ന് 1728.71 തരുന്നു. 1589.1-ന് 1881.61 തരുന്നു. ഞാൻ ഈ കണക്കുകൾ പറയാൻ കാരണം, ഇവിടെ മൺസൂൺ കലങ്ങിക്കുത്തിയൊഴുകുമ്പോൾ അവർ ആവശ്യത്തിൽ കൂടുതൽ വെള്ളം തരും. നമുക്കു വേണ്ടാത്തത്, നമ്മൾ ചോദിക്കാത്ത വെള്ളം തരും. ഫെബ്രുവരിതൊട്ട് മേയ് വരെയുള്ള നാലു വരൾച്ചാ മാസങ്ങളിൽ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

കോയമ്പത്തൂരിനു കൊടുക്കും. പാലക്കാട് ജെ.ഡബ്ല്യൂ.ആർ.ഡി.യുടെ ജോയിന്റ് ഡയറക്ടർ തിരുവനന്തപുരം വികാസ്ഭവനിൽ പ്രവർത്തിക്കുന്ന ഇന്റർസ്റ്റേറ്റ് വാട്ടറിന്റെ കാവേരി സെല്ലിലെ ചീഫ് എഞ്ചിനീയർക്ക് 2.2.2000-ത്തിൽത്തന്നെ ഈ അവസ്ഥ കാണിച്ചുകൊണ്ട് കത്തെഴുതിയിട്ടുണ്ടായിരുന്നു. ഇന്ന് 23.2.2000 ആയി. വഞ്ചി ഇപ്പോഴും തിരുനക്കരെത്തന്നെയാണ്. ഇതുവരെ ഒരു അനക്കവുമില്ല. വേനൽക്കാലത്ത് മുകുന്ദപുരം, ആലുവ, പറവൂർ താലൂക്കുകളിൽ വെള്ളമുണ്ടായേ തീരൂ. വരും വർഷങ്ങളിൽ വർഷകാലത്ത് കടലിലേയ്ക്ക് ഒഴുക്കിക്കളയുന്ന വെള്ളം ഒഴുക്കിവിടാതെ സൂക്ഷിക്കാൻ തുമ്പൂർമുഴിയിൽ ഒരു സറ്റോറേജ് ഡാമിന്റെ പ്രൊപ്പോസലുണ്ട്. ആ പ്രൊപ്പോസൽ സജീവമാക്കി പ്രാവർത്തികമാക്കിയാലും വേണ്ടില്ലായിരുന്നു. എങ്കിൽ വരുംകൊല്ലങ്ങളിൽ കുറച്ചെങ്കിലും ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമായിരുന്നു. തമിഴ്നാടു മുഖ്യമന്ത്രി ശ്രീ. കരുണാനിധി ഈ പ്രശ്നം ചർച്ച ചെയ്യാനായിട്ട് ഏപ്രിൽ മാസത്തിൽ എപ്പോഴോ വരാനിരിക്കുന്നു എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട കരുണാനിധിയുടെ കരുണയ്ക്കു വേണ്ടി കണ്ണും നട്ടിരിക്കാതെ വെള്ളം വേണ്ട ഈ വേനൽക്കാലത്ത് അതു കിട്ടാൻ അതിരുകൾ ലംഘിച്ച് അപ്പുറത്തേയ്ക്ക് ആഞ്ഞടിച്ചുകയറിച്ചെന്ന് അവകാശപ്പെട്ടതു ചോദിച്ചുവാങ്ങാൻ യുദ്ധകാലാടിസ്ഥാനത്തിൽ ശ്രമിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കാതുകൾ തുറപ്പിക്കാൻ കേരളത്തിലെ കർഷകന്റെ ദീനരോദനം ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിക്ക് ആവേശം തരുമെന്ന വിശ്വാസത്തോടെ, അങ്ങ് അതിന് അരയും തലയും മുറുക്കി രംഗത്തിറങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, കേരളത്തിലെ കർഷകനെ ഒരു കൈ തന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അങ്ങയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഷോളയാർ അണക്കെട്ടിലെ ജലം ആ പവർ സ്റ്റേഷനിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് എത്തുന്നു. പെരിങ്ങൽക്കുത്ത് പവർ സ്റ്റേഷനിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം പുറന്തള്ളുന്ന ജലത്തെ ചാലക്കുടി നദിയിൽ തുമ്പൂർമുഴി എന്ന സ്ഥലത്ത് ഒരു വെയർ (weir) കെട്ടി തടഞ്ഞുനിർത്തിയിരിക്കുകയാണ്. ചാലക്കുടി റിവർ ഡൈവെർഷൻ സ്കീമിന്റെ വലതുകര കനാലുകളും അതിന്റെ ഉപശാഖകളും വഴി ഈ ജലം മുകുന്ദപുരം, പറവൂർ താലൂക്കുകളിലെ ഏകദേശം 13,530 ഹെക്ടർ സ്ഥലത്തെ കൃഷിക്കുപയോഗിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : പറവവൂരല്ല. ആലുവ താലൂക്കിലാണ്. അതു നോട്ടിലെ പിശകാണ്.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതു പരിശോധിക്കാം. എല്ലാ വർഷവും ഫെബ്രുവരി-സെപ്റ്റംബർ മാസങ്ങളിൽ ഷോളയാർ ഡാമിന്റെ പൂർണ്ണസംഭരണശേഷിയും അപ്പർ ഷോളയാർ പവർ സ്റ്റേഷനിൽ നിന്നും ജലം നിറയ്ക്കേണ്ട ബാധ്യതയും പറമ്പിക്കുളം-ആളിയാർ പ്രോജക്ട് കരാറനുസരിച്ച് തമിഴ്നാട് സർക്കാരിനുണ്ട്. എന്നാൽ കേരളാ ഷോളയാർ ഡാമിൽ ലഭ്യമായ ജലം സംഭരണശേഷിയുടെ 40 ശതമാനം മാത്രമാണ്. കേരള വൈദ്യുതി ബോർഡ് ഷോളയാർ ഡാമിന്റെ പൂർണ്ണശേഷിയിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ബഹിർഗമിക്കുന്ന ജലം പെരിങ്ങൽക്കുത്ത് പവർ സ്റ്റേഷൻ ഉപയോഗിച്ചാൽ മാത്രമേ തുമ്പൂർമുഴി വെയറിലൂടെ 13,530 ഹെക്ടർ കൃഷിഭൂമി പൂർണ്ണമായി ജലസേചനം നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളൂ. തുമ്പൂർമൂഴി വെയറിന് ആവശ്യമായ തോതിൽ ജലം ലഭ്യമല്ലാത്തതാണ് ഇപ്പോൾ കൃഷിയാവശ്യത്തിനുള്ള ജലവിതരണത്തിനായിട്ടുള്ള തടസ്സം. കേരള സംസ്ഥാന വൈദ്യുത ബോർഡുമായി ബന്ധപ്പെട്ട് ഈ പ്രശ്നപരിഹാരത്തിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, എന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ പറഞ്ഞ കാര്യങ്ങൾ അപ്പാടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മറുപടിയിലൂടെ സമ്മതിച്ചതിൽ സന്തോഷമുണ്ട്. നടപടി സ്വീകരിക്കാമെന്നു പറഞ്ഞതിലും സന്തോഷമുണ്ട്. പക്ഷേ കേരള വിദ്യുച്ഛക്തി വകുപ്പു മാത്രം ശ്രദ്ധിച്ചാൽ പോരാ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് തമിഴ്നാട് മുഖ്യമന്ത്രിയുമായി ഈ പ്രശ്നം ചർച്ചചെയ്ത് തീരുമാനിക്കണം. തുമ്പൂർമൂഴിയിൽ ഒരു സ്റ്റോറേജ് ഡാമിന്റെ പ്രൊപ്പോസലിനെക്കുറിച്ച് പറഞ്ഞിരുന്നു. ആ സ്റ്റോറേജ് ഡാം (വെയറിനു പകരം) ഉണ്ടാക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : തുമ്പൂർമൂഴി വെയറിൽ ആവശ്യമായ തോതിൽ ജലം ലഭ്യമാക്കുന്നതിനു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തമിഴ്നാടു ഗവൺമെന്റുമായി ചർച്ച ചെയ്യേണ്ടിവരും. തമിഴ്നാട് ഗവൺമെന്റുമായി ചർച്ച ചെയ്യുന്നതിനു മുൻകൈ എടുക്കേണ്ടത് കേരള ഇലക്ട്രിസിറ്റി ബോർഡാണ്. ഇലക്ട്രിസിറ്റി ബോർഡും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ചേർന്നാണ് ഈ കാര്യത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടത്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

(1) 16.2.2000-ത്തിൽ ഹർത്താൽ നടന്നപ്പോൾ നെടുമങ്ങാട്ടുണ്ടായ അക്രമം

ശ്രീ. പാലോട് രവി : സർ, ഇക്കഴിഞ്ഞ ദിവസം യു.ഡി.എഫ്. ആഹ്വാനം ചെയ്ത ഹർത്താലിന് നെടുമങ്ങാട് താലൂക്കാസ്ഥാനത്ത് ഒരു വിഭാഗം സി.പി.എം.-ന്റെ അനുകൂലികൾ കാണിച്ച അക്രമത്തെത്തുടർന്ന് അവിടെയുണ്ടായ സാഹചര്യങ്ങൾ - അത് നിഷ്പക്ഷമായി അന്വേഷിക്കണമെന്നും കുറ്റക്കാരുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. കേരളത്തിൽ ഹർത്താൽ പൊതുവേ ശാന്തമായിരുന്നു. നെടുമങ്ങാടും ഹർത്താൽ ശാന്തമായിരുന്നു. അന്നു ഹർത്താലിനെ നേരിടുമെന്നു തലേദിവസം സി.പി.എം.-ന്റെ കുറേയാളുകൾ പ്രഖ്യാപിച്ചിരുന്നു. അന്നു രാവിലെ അവിടത്തെ പാർട്ടിയുടെ ഓഫീസിൽനിന്നും അറുപതോളം ആളുകൾ കമ്പും വടിയും മറ്റു മാരകായുധങ്ങളുമായി ബസ്സ്റ്റേഷന്റെ നടയിൽവന്ന് അവിടത്തെ ക്രമസമാധനം കയ്യിലെടുക്കുകയുണ്ടായി. മാത്രമല്ല, വളരെ ഉയരത്തിലുള്ള കോടതി വളപ്പിൽ കയറിനിന്നുകൊണ്ട് ഞങ്ങളുടെ പാർട്ടി ഓഫീസിലേക്കും തൊട്ടടുത്തുള്ള രണ്ടു മൂന്നു വ്യാപാര സ്ഥാപനങ്ങളിലേയ്ക്കും കല്ലെറിഞ്ഞു. ബ്ലോക്ക് പഞ്ചായത്തിലെ സി.പി.ഐ.യുടെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പരമേശ്വരൻ നായരുടെ മകൻ നടത്തുന്ന (അദ്ദേഹത്തിന്റെ കട തന്നെ) 'സായി കൃഷ്ണ' എന്ന കടയിലേയ്ക്ക് ആസിഡ് ബൾബ് എറിയുകയും മാരകായുധങ്ങൾ ഉപയോഗിക്കുകയും കല്ലെറിയുകയും ചെയ്തു. പോലീസ് നോക്കിനിൽക്കുകയായിരുന്നു. പോലീസ് ഒരു നടപടിയും സ്വീകരിച്ചില്ല. നെടുമങ്ങാട് താലൂക്കാസ്ഥാനത്തിൽ കഴിഞ്ഞ ഒരു

LIBRARY ARCHIVES Kerala Legislative Assembly